**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.T 4553

23.7.2015-ൽ
മറുപടിയ്ക്ക്

**ഒറ്റപ്പാലം ഫിലിം സിറ്റി**

**ചോദ്യം**

ശ്രീ.എം.ഹംസ

**ഉത്തരം**

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പ മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഒറ്റപ്പാലം ഫിലിംസിറ്റി പദ്ധതിക്ക് 2011-12 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയെത്ര; ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) ഒറ്റപ്പാലം ഫിലിംസിറ്റി പദ്ധതിക്ക് 2011-12 ബഡ്ജറ്റിൽ 50 ലക്ഷം രൂപയും, 2012-13 ബഡ്ജറ്റിൽ ഒരു കോടി രൂപയും വകയിരുത്തിയിരുന്നു. ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രഖ്യാപിച്ച സമയത്ത് തുക ചെലവഴിക്കുന്നതിന് സാധിച്ചില്ല. |
| (ബി) പദ്ധതി പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) ഇല്ല. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമി ജി.ഒ.(എം.എസ്) നമ്പർ 289/2014/റവ തീയതി 4.7.2014 ലെ ഉത്തരവ് പ്രകാരം കെ.എസ്.എഫ്.ഡി.സി.യ്ക്ക് അനുവദിച്ചു. പ്രസ്തുത ഭൂമി കെ.എസ്.എഫ്.ഡി.സി.യുടെ പേരിൽ ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതേയുള്ളൂ. പ്രസ്തുത പ്രോജക്റ്റിന് എം.എൽ.എ.ഫണ്ടിൽ നിന്നും 5 കോടി രൂപ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഫിലിം സിറ്റിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ നടന്നു വരുന്നു. പ്രോജക്റ്റ് റിപ്പോർട്ട് അനുസരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്. |
| (സി) പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) ഇല്ല |
| (ഡി) പദ്ധതി നടത്തിപ്പിന് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്? | (ഡി) 3 ഏക്കർ 3 സെന്റ് ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത് |

സെക്ഷൻ ഓഫീസർ